# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 494 — 29/11/2018 -ലെ മറുപടിക്ക്

## ഇ.എൽ.ആർ.എസ് പദ്ധതി

ചോദ്യം | ഉത്തരം

ശ്രീ.കെ.എൻ.എ ഖാദർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | ഈ സർക്കാർ പ്രഖ്യാപിച്ച ഇ.എൽ.ആർ.എസ് (എഡ്യൂക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീം) പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ 2018 നവംബർ 19-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശുപാർശ ചെയ്തതുമായ 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുകയാണ്. റിലീസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു. |
| ബി | ഈ പദ്ധതിപ്രകാരം 2018 നവംബർ 15-ാം തീയതി വരെ തീർപ്പാക്കപ്പെട്ട അപേക്ഷകൾ എത്രയെന്നും വിതരണം ചെയ്ത തുക എത്രയെന്നും പ്രതിമാസ കണക്കുകൾ സഹിതം വിശദമാക്കാമോ ; | |

(Rs. in crore)

| Release GO and date | No. of Claims | Claim Amount (Govt. Contribution) |
|---|---|---|
| G.O(Rt) No.2807/2018/Fin Dated, 28/03/2018 | 291 | 2.92 |
| G.O(Rt) No.4721/2018/Fin Dated 03/06/2018 | 5899 | 57.58 |
| G.O(Rt) No.6274/2018/Fin Dated 24/07/2018 | 3263 | 30.28 |
| G.O(Rt) No.9774/2018/Fin Dated 27/11/2018 | 5850 | 57.47 |
| Total | **15303** | **148.25** |

| | | |
|---|---|---|
| സി | സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ശിപാർശ ചെയ്ത എല്ലാ അപേക്ഷകളും ധനകാര്യവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയ മാക്കുന്നുണ്ടോ ; ഇത്തരത്തിൽ പരിശോധന നടത്തിയതിൽ യോഗ്യതയില്ലാത്ത അപേക്ഷകൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | സംസ്ഥാനതല ബാങ്കേഴ്സ് സമിതി ശുപാർശചെയ്ത് സർക്കാരിന് സമർപ്പിക്കുന്ന അപേക്ഷകളിൽ 5% അപേക്ഷകൾ ധനവകുപ്പ് പരിശോധിക്കുന്നുണ്ട്. ഈ പരിശോധനയിൽ ക്ലെയിമുകളുടെ അർഹത സംബന്ധിച്ച് സംശയം തോന്നുന്ന അപേക്ഷകൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ വിശദീകരണത്തിനും പുനപരിശോധനയ്ക്കുമായി തിരികെ നൽകുന്നുണ്ട്. |
| ഡി | മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിനു പുറത്തുള്ള കോളേജുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും കൂടി ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഈ വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ? | ഇൻഡ്യയ്ക്കകത്തുള്ള IIT, IIM, IIST, IISC മുതലായ ദേശീയ സ്ഥാപനങ്ങളിലേതുൾപ്പെടെ അംഗീകൃത പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. എന്നാൽ നഴ്സിംഗ് കോഴ്സുകൾ ഒഴികെയുള്ള കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയവർക്കോ എൻ.ആർ.ഐ. ക്വാട്ടയിൽ അഡ്മിഷൻ നേടിയവർക്കോ ഈ പദ്ധതി ബാധകമാകുന്നതല്ല. നഴ്സിംഗ് ഇതര കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കു കൂടി വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**